(എ) ഹരിത സ്റ്റാളുകളിൽക്കൂടി വിൽക്കുന്ന പച്ചക്കറി എവിടെ നിന്നെല്ലാമാണ് സംഭരിക്കുന്നത്;

(ബി) ജനകീയാസൂത്രണം ആരംഭിച്ചതിനുശേഷം പ്രസ്തുത പദ്ധതി പ്രകാരം പച്ചക്കറി ഉൽപ്പാദിപ്പിച്ചവരിൽ നിന്നും പച്ചക്കറി വാങ്ങിയിട്ടുണ്ടോ;

(സി) എങ്കിൽ ഒട്ടാകെ എത്ര ടൺ പച്ചക്കറി അപ്രകാരം സംഭരിച്ചു; ഇതിനെന്തു വിലകൊടുത്തു;

(ഡി) ജനകീയാസൂത്രണ പദ്ധതിപ്രകാരം ഉൽപ്പാദിപ്പിച്ച പച്ചക്കറി ഇനങ്ങളിൽ ഓരോ ജില്ലയിൽ നിന്നും ഏറ്റവും കൂടുതൽ സംഭരിച്ചത് ആരിൽ നിന്നെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഹരിത സംഘങ്ങളിൽ നിന്നും പ്രാദേശിക ഉൽപ്പാദന മേഖലയിൽ നിന്നും ഇവിടെ ലഭ്യമല്ലാത്ത പച്ചക്കറികൾ അന്യസംസ്ഥാനങ്ങളിൽ നിന്നും ഹരിത സ്റ്റാളുകൾക്കാവശ്യമായ പച്ചക്കറികൾ ശേഖരിക്കുന്നു.

(ബി) ഉണ്ട്.

(സി)&(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

87 (3412) ഹരിതയുടെ റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീമതി ശോഭനാ ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹരിതയുടെ എത്ര റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ ഉണ്ട്;

(ബി) ഇവ അനുവദിച്ചതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഹരിതയുടെ ഔട്ട്‌ലെറ്റുകൾ കിട്ടുവാൻ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്രപേർക്ക് ഔട്ട്‌ലെറ്റുകൾ അനുവദിച്ചു എന്നും അറിയിക്കുമോ?

ഉത്തരം

(എ) 505 റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ ഉണ്ട്.

(ബി) ലൈസൻസി അപേക്ഷകർ എസ്.എസ്.എൽ.സി. വരെ വിദ്യാഭ്യാസ യോഗ്യതയുള്ളവരായിരിക്കണം. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് കേരള സംസ്ഥാന ഹോർട്ടിക്കൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ കടമുറി പരിശോധന നടത്തി ദൂരപരിധി അനുയോജ്യമാണെങ്കിൽ സ്ക്രീനിംഗ് കമ്മിറ്റി വഴി ലൈസൻസികളെ തെരഞ്ഞെടുക്കുന്നു.

(സി) ഏകദേശം 1000-ത്തിലേറെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 527 അപേക്ഷകർക്ക് സ്റ്റാളുകൾ അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly